കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

.

.

# വെളിയനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

.

.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി12-1177/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ -688 011
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com
തീയതി: 11.09.2017

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെളിയനാട് ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : വെളിയനാട് ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി12-1177/2017 തീയതി: 11.09.2017

# ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ്

# റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 20116-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 30.11.2016മുതൽ 22.08.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മാത്രമേ മറുപടി ലഭ്യമാക്കിയുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 23.08.2017 മുതൽ 31.08.2017 വരെ | ശ്രീ.വി.കെ.രഞ്ജീവ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രാജശ്രീ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പ്രീത, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| 1)പ്രസിഡന്റ് | | |
|---|---|---|
| 1 | ശ്രീ.എം.പി. സജീവ് | 01.04.2016 മുതൽ 09.3.2017(F.N) വരെ |

| | | |
|---|---|---|
| 2 | വത്സമ്മ പുലിക്കുട് | 09.03.17 മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി. ജെ.രാജശ്രീ (ഹെഡ് ക്ലാർക്ക്) | 1).1.4.2016 മുതൽ 22.06.2016 വരെ<br>2).18-11-2016 മുതൽ 27-11-2016 വരെ (സെക്രട്ടറി ഇൻ ചാർജ്) |
| 2 | എസ്.വിജയ്, സെക്രട്ടറി | 1. 23-6-2016 മുതൽ 17-11-2016 വരെ<br>2. 28-11-2016മുതൽ 04.02.2017 വരെ<br>3. 09-02-2017 മുതൽ 31.03.2017 വരെ |
| 3 | കെ.ആർ. സുചേത (ഹെഡ് ക്ലാർക്ക്) | 05.02.2017 മുതൽ 08.02.2017 വരെ |

3.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ബാബു ജോൺ | 1.4.16 മുതൽ 31.03.17വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. കെ.ആർ. ജയ | 01.04.16 മുതൽ<br>30.06.16 വരെ |
| | | ഡോ. ബി.സുരേഷ് കുമാർ | 01.07.16 മുതൽ<br>25.09.16 വരെ |
| | | ഡോ. സാബു സി. ഐസക്ക് | 26.09.16 മുതൽ<br>31.03.17 വരെ |
| 3 | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ശ്രീമതി. മോനിഷ എസ് | 1.4.16 മുതൽ 24.2.17 വരെ |
| | | ശ്രീമതി. ജീന വർഗ്ഗീസ് | 25.2.16 മുതൽ 17.3.17 വരെ |
| | | ഷീല ദേവസ്യ | 18.3.17 മുതൽ 31.3.17 വരെ |
| 4 | മെഡിക്കൽ ഓഫീസർ, പിഎച്ച്.സി. | ഡോ.അനിൽകുമാർ | 01.04.16 മുതൽ 05.09.16 വരെയും 17.12.16 മുതൽ 31.03.17 വരെയും |
| | | ഡോ. സ്മിതാ സെബാസ്റ്റ്യൻ | 06.09.16 മുതൽ 16.12.16 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം). | ഡോ.വിഷ്ണനമ്പൂതിരി | 1.4.16 മുതൽ 31.3.17 വരെ |
| 6 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. രാജി മോൾ റ്റി. | 1.4.16 മുതൽ 30.8.16 വരെ |
| | | ശ്രീമതി.രാജി.ആർ.നായർ | 31.8.16 മുതൽ 31.3.17 വരെ |
| 8 | ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.എസ് | ശ്രീമതി. ജയലഷ്മി | 1.4.16 മുതൽ 31.3.17 വരെ |
| 9 | അസിസ്റ്റന്റ്<br>എൻജിനീയർ | ശ്രീമതി.ഇന്ദുശ്രീ.ഐ.ബി | 1.4.16 മുതൽ 25.8.16 വരെ |
| | | ശ്രീ. ഹരിലാൽ കെ. | 26.8.16 മുതൽ 15.11.16 വരെ |
| | | ശ്രീമതി. അജിത അനീഷ് | 16.11.16 മുതൽ 31.3.17 വരെ |

| | | | |
|---|---|---|---|
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ബിജു എം.ബി. | 1.4.16 മുതൽ 31.03.17 വരെ |
| 11. | മെഡിക്കൽ ഓഫീസർ ഹോമിയോ.) | ഡോ.മഗ്ദലിൻ | 1.4.16 മുതൽ 31.3.17 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-13 |
| | ഭാഗം -2 | |
| 2 | സ്ഥാപനം യഥാസമയം തൊഴിൽ നികുതി ലഭ്യമാക്കിയിട്ടും പഞ്ചായത്ത് അക്കൌണ്ടിൽ തുക വരവ് വച്ചത് 4 വർഷത്തിന് ശേഷം. | 2-1 |
| 3 | കുറഞ്ഞ നിരക്കിൽ നികുതി അസ്സസ്സ് ചെയ്തു--നഷ്ടം-7750/-രൂപ | 2-2 |
| 4 | പാരിഷ് ഹാൾ, അനുബന്ധ കെട്ടിടങ്ങൾ--നിർമ്മാണം അസ്സസ്സ് ചെയ്തില്ല. | 2-3 |
| 5 | വിവിധ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. | 2-4 |
| 6 | ഡി &ഒ ലൈസൻസ് --അപാകതകൾ | 2-5 |
| 7 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-6 |
| 8 | പെർമിറ്റ് ഫീ ഈടാക്കാതെ പെർമിറ്റ് അനുവദിച്ചു. | 2-7 |
| 9 | ഇ-ടെണ്ടർ ഫോറവില:കണക്കില്ല; ഈടാക്കിയില്ല | 2-8 |
| | ഭാഗം -3 | |
| 10 | തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്--12718/- രൂപ ഇല്ലാത്ത ബൽബുകൾക്ക് | 3-1 |
| 11 | സമഗ്ര പച്ചക്കറി കൃഷി വികസനം- ഗ്രോ ബാഗ് വിതരണം ന്യൂനതകൾ | 3-2 |
| 12 | പദ്ധതികളുടെ വിനിയോഗ വിവരം ലഭ്യമല്ല —2,00,000/-രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-3 |
| 13 | കെ.എസ്.ഇ.ബി.--ഡെപ്പോസിറ്റ് പ്രവൃത്തികൾ---പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 3-4 |
| 14 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ--മരുന്ന് ലഭിച്ചിട്ടില്ല. | 3-5 |
| 15 | പത്ത് ആർ.ഒ.പ്ലാന്റുകൾ സ്ഥാപിച്ചിട്ടും കുടിവെള്ളപ്രശ്നത്തിന് ശാശ്വത പരിഹാരമായില്ല. | 3-6 |
| 16 | അങ്കണവാടികൾ പരിമിതികൾക്ക് നടുവിൽ | 3-7 |
| 17 | ധനവിനിയോഗ നിയമങ്ങൾ ലംഘിച്ചു; എച്ച്.എമ്മിന്റെ ചെലവ് രേഖകളിൽ ഗുരുതര ക്രമക്കേടുകൾ | 3-8 |
| 18 | ചെറുകാപ്പ് പുളുവൽ റോഡ് ഗ്രാവൽ ഫില്ലിംഗ് :ഗ്രാവലിന് അധിക വില നല്കി; പിഴ ഈടാക്കിയില്ല | 3-9 |
| | ഭാഗം -4 | |
| 19 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-10 |
| | അനുബന്ധം | |
| 20 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

2016-17 വർഷത്തെ ബജറ്റ് 3.3.2016 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 78590500 | 80669000 |
| വാർഷിക കണക്ക് പ്രകാരം | 24830739 | 23352012 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 26304428 | 26304428 |
| ബി ഫണ്ട് | 21847165 | 21847165 |
| ആകെ | 72982332 | 71503605 |

NREGS, Bഫണ്ട് എന്നീ ഇനങ്ങളിൽ വന്നിട്ടുള്ള ചെലവുകൾ കണക്കിലെടുത്താൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ വ്യത്യാസം ഉണ്ടെന്ന് കാണാം. ഇതിൽ നിന്നും ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ വേണമെന്ന് വ്യക്തമാകുന്നു.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 08.06.2017 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് (വാർഷിക കണക്കിലെ ന്യൂനതകൾ ഭാഗം-4 ഖണ്ഡിക 1 ആയി ചേർത്തിരിക്കുന്നു.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 7117766 | 5880631 | 82.62 |
| വികസനഫണ്ട് - എസ്.സി.പി. | 2410257 | 2282936 | 94.72 |
| വികസനഫണ്ട് - ടി.എസ്.പി. | - | - | - |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 1495413 | 100000 | 6.69 |

| | | | |
|---|---|---|---|
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 2554755 | 1091629 | 42.73 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3991996 | 1576137 | 39.48 |
| പെർഫോമൻസ് ഗ്രാന്റ് | 2090395 | 79234 | 3.79 |
| ബി. ഫണ്ട് | 21934375 | 21934375 | 100 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | *27267011(മുന്നിരിപ്പ് രൂ. 14741/- ഉൾപ്പെടെ)* | 27281406 | 99.99 (നീക്കിയിരിപ്പ് രൂ.346/-) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 112 | 26847570 | 53 | 11745150 | - | 59 | 47.3% |

## 1-6 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 15.69% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 1400167 | 2245837 | 845670 | 60.4 |
| നികുതിയേതര വരവുകൾ | 1238567 | 272109 | -966458 | -78.03 |
| മറ്റ് വരവുകൾ | 475087 | 107310 | -367777 | -77.41 |
| ആകെ | 3113821 | 2625256 | -488565 | -15.69 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം വിവിധ ക്ഷേപദ്ധതികളിലായി 1732 ഗുണഭോക്താക്കൾക്കായി 2,19,34,375/- രൂപ വിതരണം ചെയ്തിട്ടുണ്ട്. തൊഴിൽ രഹിത വേതനം ഇനത്തിൽ 72 ഗുണഭോക്താക്കൾക്കായി 87210/- രൂപയും കർഷകതൊഴിലാളി പെൻഷൻ ഇനത്തിൽ 985 ഗുണഭോക്താക്കൾക്കായി 9742780/- രൂപയും വിധവ പെൻഷൻ ഇനത്തിൽ 288 ഗുണഭോക്താക്കൾക്കായി 3274270/- രൂപയും വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ 256 ഗുണഭോക്താക്കൾക്കായി 7307015/- രൂപയും വികലാംഗ പെൻഷൻ ഇനത്തിൽ 131 ഗുണഭോക്താക്കൾക്കായി 1338810/- രൂപയും 50 വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിത പെൻഷൻ ഇനത്തിൽ 16 ഗുണഭോക്താക്കൾക്കായി 184290/- രൂപയും വിതരണം ചെയ്തിട്ടുണ്ട്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.08.2017 3.00 പി.എം ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5332/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററുകൾ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. പെർമിറ്റ് രജിസ്റ്റർ, ലൈസൻസ് രജിസ്റ്ററുകൾ എന്നിവയിൽ ആവശ്യം വേണ്ട വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14-8-17 മുതൽ 15-8-17 വരെ | 2017 ജൂലൈ വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-02-16 മുതൽ 15-03-2016 വരെ | 2010-11 - 2014-15 | 10-05-2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപനം യഥാസമയം തൊഴിൽ നികുതി ലഭ്യമാക്കിയിട്ടും പഞ്ചായത്ത് അക്കൌണ്ടിൽ തുക വരവ് വച്ചത് 4 വർഷത്തിന് ശേഷം.

ഫെഡറൽ ബാങ്കിന്റെ 2013-14 വർഷത്തെ ഒന്നാം അർദ്ധ വർഷ തൊഴിൽ നികുതിയായ 8550 രൂപ, ചെക്കായിട്ട് പഞ്ചായത്തിൽ നല്കുകയുണ്ടായി(ചെക്ക് നം-403704, തീയതി 30-08-2013). എന്നാൽ 18-10-2016 തീയതിയിലാണ് കാനറാ ബാങ്ക് അക്കൗണ്ടിൽ ഇത് ക്രഡിറ്റ് ചെയ്യപ്പെട്ടിരിക്കുന്നത്. 2013-14 വർഷത്തെ തൊഴിൽ നികുതി സ്ഥാപനം യഥാസമയം പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടും ക്രഡിറ്റ് ചെയ്തത് 4 വർഷത്തിന് ശേഷമാണ്. 30/08/13 ന്

ലഭ്യമായ ചെക്ക് യഥാസമയം ക്രെഡിറ്റ് ചെയ്യാത്തതിനാൽ ബാങ്ക് തുടർച്ചയായി പഞ്ചായത്തിൽ അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തീയതി കഴിഞ്ഞതിനാൽ 23/7/14 ന് റിവാലിഡേറ്റ് ചെയ്തു. അതിന് ശേഷവും ഈ തുക അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തില്ല. പിന്നീട് 18/10/16 ലാണ് ഈ തുക പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടത്. 2013-14 മുതലുള്ള ടി തുകയുടെ 4 വർഷത്തെ ബാങ്ക് പലിശയായ 1710/-രൂപ അതിനാൽ നഷ്ടപ്പെട്ടു. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് സെക്ഷൻ ക്ലർക്കിന്റെ മറവി മൂലം ചെക്ക് യഥാസമയം ബാങ്കിൽ നല്കാൻ കഴിയാതെ പോയത് എന്ന് മറുപടി നല്കി. നിരുത്തരവാദപരമായി പ്രവർത്തിച്ച സെക്ഷൻ ക്ലാർക്കിൽ നിന്നും ടി തുക ഈടാക്കേണ്ടതാണ്.

## 2-2 കുറഞ്ഞ നിരക്കിൽ വസ്തു നികുതി അസ്സസ്സ് ചെയ്തു--നഷ്ടം-7750/-രൂപ

ഗ്രേസി സക്കറിയ, മാലിത്രു കിടങ്ങറ എന്ന വ്യക്തിക്ക് 250$m^2$ ഉള്ള കെട്ടിടം ഇതര വ്യവസായം എന്ന ഉപയോഗക്രമം രേഖപ്പെടുത്തി $m^2$ ന് 40/-രൂപ പ്രകാരം ആനുപാതിക ഇളവും വർദ്ധനവും നല്കി 8000/-രൂപയാണ് അസ്സസ്സ് ചെയ്തിരിക്കുന്നത്. (2013 ആദ്യപകുതി) ഡി.ആന്റ് ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പ്രകാരം മാലിത്രു ഫൌണ്ടറി & എഞ്ചിനീയറിംഗ് വർക്ക്സ് എന്ന പേരിലുള്ള ഈ സ്ഥാപനം 19HP യുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്നതായും എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച വസ്തുനികുതി നിരക്ക് പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100$m^2$ ന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾക്ക് 70/- രൂപ പ്രകാരമാണ് അസ്സസ്സ് ചെയ്യേണ്ടത്. അപ്രകാരം കണക്കാക്കുമ്പോൾ അടിസ്ഥാന വസ്തുനികുതി-- 250x70 =17500

ഇളവ്

മേഖല (തൃതീയം)20% 3500

മേൽക്കൂര (കുറഞ്ഞ തരം)10% 1750

ഇളവ് 5250

നികുതി 12250

വർദ്ധനവ്

വഴി സൌകര്യം (5m ൽ കൂടുതൽ) 20% 3500

വസ്തുനികുതി 12250 +3500=15750

അസ്സസ്സ് ചെയ്തത് 8000

നഷ്ടം 7750/-

കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 7750/-രൂപ 2013 ആദ്യ പകുതി മുതൽ ഈടാക്കേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നല്കിയതിന് റീഅസ്സസ്സ് ചെയ്യാമെന്ന് മറുപടി

ലഭ്യമാക്കി.

## 2-3 പാരിഷ് ഹാൾ, അനുബന്ധ കെട്ടിടങ്ങൾ-നിർമ്മാണം അസ്സസ്സ് ചെയ്തില്ല

വികാരി ട്രസ്റ്റിയുടെ പേരിൽ 711.38m$^2$ വിസ്തീർണ്ണത്തിലുള്ള സെൻ്റ്സേവ്യേഴ്സ് ചർച്ച് വെളിയനാടിന്റെ നിർമ്മാണത്തിന് 2013-14 ൽ പെർമിറ്റ്എടുത്തിരുന്നു. 676.25m$^2$ ഉള്ള ആരാധാനാലയം 2013-14 ൽ അസ്സസ്സ് ചെയ്തിട്ടുണ്ട്. എന്നാൽ നേരിട്ടുള്ള പരിശോധനയിലും പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി പ്രകാരവും പാരിഷ് ഹാൾ, ഫാദർമാരും സിസ്റ്റർമാരും താമസിക്കുന്ന കെട്ടിടങ്ങൾ എന്നിവ ഉള്ളതായി വ്യക്തമായി.

എന്നാൽ ഈ 3 കെട്ടിടങ്ങളും അസ്സസ്സ് ചെയ്തിട്ടില്ല. പെർമിറ്റ് ഫയൽ ലഭിക്കാത്തതിനാൽ ഇവയ്ക്ക് പെർമിറ്റ് എടുത്തിരുന്നോ എന്ന് പരിശോധിക്കാൻ സാധിച്ചില്ല. പെർമിറ്റ് എടുക്കാത്ത പക്ഷം നിർമ്മാണം കെട്ടിടനിർമ്മാണ ചട്ടങ്ങൾ അനുസരിച്ചാണെങ്കിൽ ക്രമവത്ക്കരിക്കാനും അല്ലാത്തപക്ഷം നിയമാനുസൃത നടപടികൾ സ്വീകരിച്ച് അസ്സസ്സ് ചെയ്ത് മുൻകാല പ്രാബല്യത്തോടെ നികുതി ഈടാക്കേണ്ടതുമാണ്.

## 2-4 വിവിധ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

i. താഴെ പറയുന്ന സ്ഥാപനങ്ങിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, വെളിയനാട്-രണ്ട് അർദ്ധ വർഷങ്ങളും

സെന്റ് മൈക്കിൾസ് സ്കൂൾ

കുട്ടനാട് കയർ & റബ്ബർ പ്രോഡക്റ്റ്സ്

ക്ഷീര സംഘം,വെളിയനാട്

ക്ഷീര സംഘം,കിടങ്ങറ

ii. തൊഴിൽ നികുതി ഡിമാന്റ് ചെയ്തെങ്കിലും ഈടാക്കിട്ടില്ല.

പോസ്ററ് ഓഫീസ്,കുന്നംകരി-രണ്ടാം അർദ്ധ വർഷം

പോസ്ററ് ഓഫീസ്,വെളിയനാട് -ഒന്നാം അർദ്ധ വർഷം

iii. താഴെ പറയുന്ന സ്ഥാപനത്തിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിട്ടില്ല.

മുത്തൂറ്റ് മിനി ഫൈനാൻസിയേഴ്സ്, കിടങ്ങറ-രണ്ടാം അർദ്ധ വർഷം

ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് നികുതി ഈടാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.

## 2-5 ഡി &ഒ ലൈസൻസ് --അപാകതകൾ

ഡി &ഒ ലൈസൻസ് അപേക്ഷകൾ/രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

രജിസ്ററുകൾ പൂർണ്ണമല്ല. ലൈസൻസ് ഉടമകളുടെ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തിയില്ല.

ലൈസൻസ് ഉടമകളുടെ പേര് മാത്രമേ രേഖപ്പെടുത്തിട്ടുള്ളു. ഇവർ നടത്തുന്ന സ്ഥാപനങ്ങളുടെ പേര്, എന്ത് ആവശ്യത്തിനാണ് ലൈസൻസ് എടുത്തിരിക്കുന്നത് എന്നീ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ കുറെ സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് അടച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ഇവ ഫീസ് ഒടുക്കിയ സ്ഥാപനങ്ങളാണോ എന്നതിൽ പഞ്ചായത്തിന് വ്യക്തമായ മറുപടി നല്കുവാൻ സാധിച്ചില്ല. ഫീസ് അടച്ചവയിൽ തന്നെ സ്ഥാപനത്തിന്റെ പേര്, ഉപയോഗിക്കുന്ന യന്ത്രസാമഗ്രികൾ എന്നീ വിവരം ചേർക്കാത്തതിനാൽ ഈടാക്കിയ ലൈസൻസ് ഫീയുടെ കൃത്യത നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല.

അപാകത പരിഹരിച്ച് കൃത്യമായ വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

## 2-6 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പ്, മെഡിക്കൽ സ്റ്റോർ, റേഷൻ കട, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, കള്ള് ഷാപ്പുകൾ എന്നിവയുടെ വിവരം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് ചുവടെ ചേർക്കുന്ന മറുപടി ഹാജരാക്കി.

| ക്രമ നം. | സ്ഥാപനങ്ങൾ | എണ്ണം |
|---|---|---|
| 1 | മെഡിക്കൽ സ്റ്റോറുകൾ | 2 |
| 2 | റേഷൻ കടകൾ | 4 |
| 3 | കള്ള് ഷാപ്പുകൾ | 10 |

പെട്രോൾ പമ്പ്, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലെന്നും മേൽ പരാമർശിച്ച സ്ഥാപനങ്ങൾ (ക്രമ നം.1,2,3) ലൈസൻസ് എടുത്തിട്ടില്ലെന്നും നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ഹാജരാക്കി. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഇപ്രകാരം വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ചട്ടവിരുദ്ധമാണ്. പഞ്ചായത്ത് അധികൃതരുടെ ഭാഗത്തെ ഗുരുതരമായ വീഴ്ചയാണ് ഇത്. അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ഫീ ഈടാക്കാതെ പെർമിറ്റ് അനുവദിച്ചു.

ശശികുമാർ, തൊണ്ടുചിറയിൽ, കിടങ്ങറ എന്ന വ്യക്തിക്ക് 114.97 $m^2$ വിസ്തൃതിയുള്ള വാസ ഗൃഹ നിർമ്മാണത്തിന് 6.3.17 ൽ c2-425/17 നമ്പരായി പെർമിറ്റ് നല്കിയിട്ടുണ്ട്. 3രൂപ പ്രകാരം 345/-രൂപ പെർമിറ്റ് ഫീ ഈടാക്കണമെന്നിരിക്കെ ടിയാളിൽ നിന്നും ഫീ ഈടാക്കിയിട്ടില്ല. പെർമിറ്റ് ഫീ ഈടാക്കി അറിയിക്കുന്നതാണ് എന്ന് എൻക്വയറിയ്ക്ക് മറുപടി നല്കി. നഷ്ടം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-8 ഇ-ടെണ്ടർ ഫോറവില:കണക്കില്ല; ഈടാക്കിയില്ല

2015-16, 2016-17വർഷങ്ങളിൽ ഇ ടെണ്ടർ ചെയ്ത ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പദ്ധതികളുടെ ടെണ്ടർ ഫോറ വിലയുടെ കണക്കില്ല. എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്ന്

ഫാറവില തിരികെ ലഭിച്ചിട്ടുമില്ല.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണ(നം.04/26.08.2017)ന് മറുപടി ലഭിച്ചില്ല. മറുപടി ലഭിക്കാഞ്ഞത് മരാമത്ത് പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ കണക്ക് സൂക്ഷിക്കുന്നില്ലെന്നതിന് തെളിവാണ്.

ഓഡിറ്റിന് ലഭ്യമായ ചെറുകാപ്പ് പുതുവൽ കോളനി ഗ്രാവൽ ഫില്ലിംഗ് എന്ന ഇ ടെണ്ടർ ചെയ്ത രണ്ട് പദ്ധതികളുടെ മാത്രം ഫോറ വിലയും വാറ്റും 5409രൂപ എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്ന് ലഭിക്കാനുണ്ട്.

ഇ ടെണ്ടർ ഫോറവിലയായി ഗ്രമപഞ്ചായത്തിന് ലഭിക്കുവാനുള്ള തുകയുടെ കണക്ക് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതും ഈടാക്കിയ തുകയുടെ വിവരം അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കുകളുടെവൈദ്യുത ചാർജ്--12718/- രൂപ - ഇല്ലാത്ത ബൾബുകൾക്ക്

തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജിനത്തിൽ 22623/-രൂപ വീതം പ്രതിമാസം പഞ്ചായത്ത് അടയ്ക്കുന്നുണ്ട്. ഇതിൽ 136 ഓർഡിനറി ബൾബുകളുടെ ചാർജ് 12718/-രൂപയും ഉൾപ്പെടുന്നു. എന്നാൽ പഞ്ചായത്തിന്റെ കണക്ക് പ്രകാരം 2015-16 ൽ മുഴുവൻ ഓർഡിനറി ബൾബുകളും മാറ്റി സി.എഫ്.എൽ സ്ഥാപിച്ചതാണ്. 4.2.16 ൽ പഞ്ചായത്തിൽ നിന്നും കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഈ വിവരം സൂചിപ്പിച്ച് കത്ത് നല്കിയിട്ടും ചാർജ് കുറച്ചിട്ടില്ല. മുൻകാല പ്രാബല്യത്തോടെ ചാർജ് കുറച്ച് നല്കാനും തുടർന്നുള്ള ബില്ലുകളിൽ കുറവ് ചെയ്യാനും നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 സമഗ്ര പച്ചക്കറി കൃഷി വികസനം- ഗ്രോ ബാഗ് വിതരണം ന്യൂനതകൾ

1. പ്രോജക്ട് നം.എസ്.0040/17

പ്രോജക്ടിന്റെ പേര്: സമഗ്ര പച്ചക്കറി കൃഷി വികസനം

നിർവ്വഹണം: കൃഷി ഓഫീസർ

അടങ്കൽ: വികസന ഫണ്ട് - 60,000/-

ഗുണഭോക്തൃ വിഹിതം(നേരിട്ട് വഹിക്കുന്നത്) - 20,000/-

ആകെ - 80,000/-

ചെലവ്

ട്രഷറി ബിൽ നം.2/2016-17 തീയതി.14.03.2017 -60,000/- രൂപ

2. പ്രോജക്ട് നം.എസ്.0038/17

പ്രോജക്റ്റിന്റെ പേര്: സമഗ്ര പച്ചക്കറി കൃഷി വികസനം (വനിത)

നിർവ്വഹണം: കൃഷി ഓഫീസർ

അടങ്കൽ: വികസന ഫണ്ട് - 41,400/-

ഗുണഭോക്തൃ വിഹിതം(നേരിട്ട് വഹിക്കുന്നത്) - 13,800/-

ആകെ - 55,200/-

ചെലവ്

ട്രഷറി ബിൽ നം.3/2016-17 തീയതി, 14.03.2017 -41,400/- രൂപ

വെളിയനാട് ഗ്രാമ പഞ്ചായത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച മേൽ രണ്ട് പദ്ധതികളുടെ നടത്തിപ്പിൽ താഴെപ്പറയുന്ന ന്യൂനതകൾ ഉള്ളതായി കാണുന്നു.

എ). <u>ഗുണഭോക്താക്കളെ ഗ്രാമ സഭയിലൂടെ തെരഞ്ഞെടുക്കാതെ ആനുകൂല്യം വിതരണം ചെയ്തു</u>

മേൽ രണ്ട് പദ്ധതികൾ പ്രകാരം വിതരണം ചെയ്യുന്നതിനായി തൻവർഷം 1690 ഗ്രോ ബാഗുകൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളെ ഗ്രാമസഭയിലൂടെ തെരഞ്ഞെടുത്തതായി കാണുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ 22.02.2017-ലെ 3-(2) നമ്പർ തീരുമാന പ്രകാരം "പദ്ധതി പ്രകാരമുള്ള ഗ്രോ ബാഗ് സഹിതം പച്ചക്കറി വിത്ത് നല്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വാങ്ങുന്നതിനും ആയത് കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ഗുണഭോക്തൃ വിഹിതം അടയ്ക്കുന്ന മുറയ്ക്ക് നല്കാം" എന്നു പറഞ്ഞിരിക്കുന്നു. ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞടുക്കുന്നതിനുള്ള അധികാരം ഗ്രാമ സഭകളിൽ നിക്ഷിപ്തമാണ്. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളെയൊ അവർ പ്രതിനിധാനം ചെയ്യുന്ന കുടുംബശ്രീ ഗ്രൂപ്പുകളെയൊ ഗ്രാമ സഭയിലൂടെ തെരഞ്ഞെടുക്കപ്പെട്ടതായി കാണുന്നില്ല. ഗ്രാമ സഭയിലൂടെ തെരഞ്ഞെടുപ്പ് നടത്താതെ ആനുകൂല്യം വിതരണം ചെയ്ത നടപടി ക്രമപ്രകാരമല്ല.

ബി).<u>ഗുണഭോക്താക്കളുടെ അർഹത നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തിയില്ല</u>

മേൽ പദ്ധതികൾ പ്രകാരം വാങ്ങിയ ഗ്രോബാഗ് പൂർണമായും സി.ഡി.എസ് ചെയർപേഴ്സണെ ഏല്പിക്കുകയും ഗ്രോബാഗുകൾ വിതരണം ചെയ്തതായുള്ള കൈപ്പറ്റ് രസീതും വിതരണ സ്റ്റേറ്റ്മെന്റും സി.ഡി.എസ് ചെയർപേഴ്സണിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിക്കുകയുമാണുണ്ടായത്. ഗ്രോബാഗ് കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും നിർവ്വഹണ ഉദ്യോഗസ്ഥനോ സി.ഡി.എസ് ചെയർപേഴ്സണോ വാങ്ങുകയോ അർഹത നിർണയിക്കുകയോ ചെയ്തതായി കാണുന്നില്ല. കൃഷിയുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണം നടത്തേണ്ട കൃഷി ഓഫീസർ ഇവിടെ ഒരു വാങ്ങൽ ഏജൻസി എന്ന നിലയിൽ മാത്രമാണ് പ്രവർത്തിച്ചിരിക്കുന്നത്.

സി).<u>ഗുണഭോക്തൃ വിഹിതം കൃഷി ഭവനിൽ നേരിട്ട് ഈടാക്കിയില്ല</u>

പദ്ധതി ചെലവിന്റെ 75% സബ്സിഡിയും ബാക്കി 25% തുക ഗുണഭോക്താക്കൾ നേരിട്ടും ചലവഴിക്കുന്ന സർക്കാർ ഉത്തരവ് നം.4/2016 ത.സ്വ.ഭ.വ തീയതി,11.01.2016 അനുബന്ധം.15

ഖണ്ഡിക 3.1 കുറിപ്പ് ക്രമ നം.7 പ്രകാരം വ്യക്തികൾ/ഗ്രൂപ്പുകൾ എന്നിവർ നേരിട്ടല്ലാതെ വാങ്ങിക്കുന്ന സംഗതികളിൽ ഉത്പാദനോപാദികളും യന്ത്ര സാമഗ്രികളും നല്കുന്നതിനു മുൻപായി സബ്സിഡി കഴിച്ചുള്ള തുക ഗുണഭോക്താക്കൾ പണമായി കൃഷി ഭവനിൽ അടച്ചിരിക്കണം. എന്നാൽ സർക്കാർ നിർദ്ദേശം മറികടന്ന് ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്ന രീതിയിലാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്.

മേൽ ന്യൂനതകൾ സൂചിപ്പിച്ച് കൃഷി ഓഫീസർക്ക് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9 തീയതി. 26.08.2017) ലഭ്യമാക്കിയ മറുപടിയിൽ (നം.കെ.ബി.വി.13/17-18 തീയതി, 30.08.2017) ഗുണഭോക്താക്കളെ ഗ്രാമസഭയിൽ തെരഞ്ഞെടുക്കാതിരുന്നതിനെ സംബന്ധിച്ചും കൃഷി ഓഫീസർ നിർവ്വഹിക്കേണ്ട പദ്ധതി സി.ഡി.എസ് ചെയർപേഴ്സണെ ഏല്പിച്ചത് സംബന്ധിച്ചും പരാമർശിച്ചിട്ടില്ല. ഗുണഭോക്താക്കൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ ഗുണഭോക്തൃ വിഹിതം നേരിട്ടടച്ചതിന്റെ ഇൻവോയ്സ് നമ്പർ മറുപടിയിൽ സൂചിപ്പിക്കുന്നുണ്ടെങ്കിലും ആയതിന്റെ പകർപ്പ് ലഭ്യമാക്കുകയൊ ഗുണഭോക്തൃ വിഹിതം കൃഷിഭവനിൽ നേരിട്ട് പിരിക്കാതിരുന്നതിന്റെ കാരണം അറിയിക്കുകയൊ ചെയ്തിട്ടില്ല. ആയതിനാൽ കൃഷി ഓഫീസർ നല്കിയ മേൽ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ രണ്ട് പദ്ധതികൾക്കായി ചെലവു ചെയ്ത 1,01,400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പദ്ധതികളുടെ വിനിയോഗ വിവരം ലഭ്യമല്ല —2,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണം: സെക്രട്ടറി

| പദ്ധതി | തുക | ബിൽ നം. |
|---|---|---|
| പ്ലാനിംഗ് ഓഫീസ് കെട്ടിടനിർമ്മാണത്തിന് സംഭാവന നല്കൽ | 1,00,000/- | 11/16-17 /17.12.16 |
| എ.ബി.സി.പ്രോഗ്രാം - | 1,00,000/- | 12/16-17 /17.12.16 |
| ആകെ | 2,00,000/- | |

മേൽ പദ്ധതികൾ പ്രകാരം ചെലവഴിച്ച 2 ലക്ഷം രൂപയുടെ വിനിയോഗവിവരം പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 കെ.എസ്.ഇ.ബി - ഡെപ്പോസിറ്റ്പ്രവൃത്തികൾ---പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണം: സെക്രട്ടറി

| ക്രമനം. | പ്രവൃത്തി | ഡെപ്പോസിറ്റ് തുക | ബിൽ നം. | വിനിയോഗ വിവരം |
|---|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൻ വലിക്കൽ-s0118/17 | 281196 | 26/16-17 /31.3.17 | ഇല്ല |

| | | | | |
|---|---|---|---|---|
| | | 64931 | 27/16-17/31.3.17 | |
| 2 | ആലയ്ക്കാട് പട്ടികയിൽ ജാതി കോളനിയിൽ പേസ്റ്റ് മാറ്റിയിടൽ | 25157/- | 23/16-17 /31.3.17 | ഇല്ല |
| 3 | പോസ്റ്റ് മാറ്റിയിടൽ | 11974/- തനത്ഫണ്ട് | ചെക്ക് നം.225874/ 23.3.17 | ഇല്ല |
| ആകെ | | 383258/- | | |

വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ 383258/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ--മരുന്ന് ലഭിച്ചിട്ടില്ല.

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ (S0073/17) 60,000/-രൂപ ബിൽ നം.1/16-17/27.1.17 പ്രകാരം ഹോംകോയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ മരുന്ന് ഒന്നും തന്നെ ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാകുന്നതു വരെ 60,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പത്ത് ആർ.ഒ.പ്ലാന്റുകൾ സ്ഥാപിച്ചിട്ടും കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമായില്ല

കുട്ടനാട് പാക്കേജിലും പങ്കാളിത്ത അധിഷ്ഠിത ജലപരിപാലനം പദ്ധതിയിലും ഉൾപ്പെടുത്തി വെളിയനാട് ഗ്രാമ പഞ്ചായത്തിൽ 10 ആർ.ഒ.പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 16-17 ൽ ഒരു ആർ.ഒ.പ്ലാന്റ് സ്ഥാപിച്ചതിന് 3,75,500/-രൂപ (ചെക്ക് നം.124574/29.9.16)"എടി" എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ഇവയിൽ ഒരെണ്ണം ഒഴികെ മറ്റെല്ലാം പ്രവർത്തനക്ഷമമാണെന്ന് സെക്രട്ടറി അറിയിച്ചെങ്കിലും പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ഇപ്പോഴും പരിഹാരമായിട്ടില്ല. പഞ്ചായത്തിന്റെ സമീപത്ത് പ്രവർത്തിക്കുന്ന സി.എച്ച്.സി കോമ്പൌണ്ടിൽ 2015 ൽ സ്ഥാപിച്ച ആർ.ഒ.പ്ലാന്റ് 2 വർഷമായി പ്രവർത്തനക്ഷമമല്ല. മെയിന്റനൻസ് നടത്തി ഉപയോഗക്ഷമമാക്കാൻ നാളിതുവരെ പഞ്ചായത്തും സി.എച്ച്.സി അധികൃതരും ഒരു ശ്രമവും നടത്തിയിട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്. ആർ.ഒ.പ്ലാന്റുകളുടെ തുടർപ്രവർത്തനം സംബന്ധിച്ചും ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടുണ്ടെങ്കിൽ വിശദാംശം ഹാജരാക്കാനും ആവശ്യപ്പെട്ട് എൻക്വയറി നല്കിയതിന് എല്ലാ പ്ലാന്റുകളും ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

208 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 91000/-രൂപ വാട്ടർഅതോറിറ്റിയിൽ അടവാക്കുന്നു. വാട്ടർ അതോറിറ്റിയുടെ മാർച്ച് മാസത്തിലെ ബിൽ പ്രകാരം കുടിശ്ശിക 48,75,671/- രൂപയും ഫൈൻ ഇനത്തിൽ 95672/-രൂപയും ആണ്. ഉപയോഗിക്കുന്ന പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താൻ പഞ്ചായത്ത് ആവർത്തിച്ചാവശ്യപ്പെട്ടിട്ടും വാട്ടർ അതോറിറ്റി സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഗാർഹിക കണക്ഷനുകൾ, 10 ആർ.ഒ.പ്ലാന്റുകൾ, എന്നിവയൊക്കെ പ്രാവർത്തികമായ സാഹചര്യത്തിൽ കുടിവെള്ളപ്രശ്നത്തിന് പരിഹാരമാകേണ്ടതും സാമ്പത്തിക പ്രതിസന്ധി നേരിടുന്ന

പഞ്ചായത്തിന് പൊതുടാപ്പുകളുടെ എണ്ണം കുറച്ച് ചെലവ് കുറയ്ക്കാവുന്നതുമാണ്.

ആർ.ഒ.പ്ലാന്റുകളുടെ പ്രവർത്തനവും അപാകതയും സംബന്ധിച്ച് വിശദമായ പരാമർശം 2015-16 ലെ ഓഡിറ്റ് റിപ്പോർട്ട് ഖ.3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആകെ 32,10,050/-രൂപ ഇത് സ്ഥാപിക്കുന്നതിന് ചെലവഴിച്ചിട്ടുണ്ട്. ലക്ഷങ്ങൾ മുടക്കി സ്ഥാപിച്ച ആർ.ഒ.പ്ലാന്റുകൾ നോക്കുകുത്തികളാകാതെ തുടർപരിപാലനം സാധ്യമാക്കി ജനങ്ങൾക്ക് പ്രയോജനപ്രദമാക്കാനും പഞ്ചായത്ത് നേരിടുന്ന കുടിവെള്ളക്ഷാമത്തിന് പരിഹാരമാകാനും ഉതകുന്ന പ്രവർത്തനം നടത്തുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ആർ.ഒ.പ്ലാന്റ് അക്കൌണ്ടിൽ ശേഷിക്കുന്ന 4,82,251/-രൂപയിൽ 3,62,301/-രൂപ പലിശയിനത്തിലെ തുകയാണെന്ന് സെക്രട്ടറി അറിയിച്ചു. സർക്കാർ നിർദ്ദേശം ലഭ്യമാക്കി ബാലൻസ് തുക നിർദ്ദേശാനുസരണം ക്രമീകരിക്കേണ്ടതാണ്.

## 3-7 അങ്കണവാടികൾ പരിമിതികൾക്ക് നടുവിൽ

വെളിയനാട് ഗ്രാമപഞ്ചായത്തിൽ ആകെ 17 അങ്കണവാടികൾ ഉള്ളതിൽ 3 എണ്ണത്തിന് മാത്രമാണ് സ്ഥിരം കെട്ടിടങ്ങൾ ഉള്ളത്. വാടകക്കെട്ടിടത്തിൽ സ്ഥിതിചെയ്യുന്ന അങ്കണവാടികളാകട്ടെ പരിമിതികൾക്ക് നടുവിലും. സ്ഥിരം കെട്ടിടമുള്ള 66ാം നമ്പർ അംഗൻവാടി വളരെ അപകടകരമായ അവസ്ഥയിൽ ഏതു നിമിഷവും തകർന്ന് വീഴുന്ന സ്ഥിതിയിലാണെന്ന് അറിയിച്ചുകൊണ്ട് സൂപ്പർവൈസർ 23.8.17 ന് പഞ്ചായത്ത് പ്രസിഡന്റിന് കത്ത് നല്കിയിട്ടുണ്ട്. നിലവിലും ഈ കെട്ടിടത്തിൽ അങ്കണവാടി പ്രവർത്തിക്കുന്നു എന്നത് ഞെട്ടിക്കുന്ന വസ്തുതയാണ്. ഫിറ്റ്നെസ്സ്/അൺഫിറ്റ് സർട്ടിഫിക്കറ്റ് പഞ്ചായത്ത് ഓവർസിയർ പരിശോധിച്ച് എല്ലാ വർഷവും നല്കുന്നുണ്ട്. 66ാം നമ്പർ അംഗൻവാടിക്ക് തുടർച്ചയായി അൺഫിറ്റ് സർട്ടിഫിക്കറ്റ് നല്കിയിട്ടും ഗൗരവമായി കാണാത്തത് അപകടം ക്ഷണിച്ച് വരുത്തലിന് തുല്യമാണ്.

രണ്ട് അങ്കണവാടികൾക്ക് സ്ഥലം ലഭ്യമായിട്ടും കെട്ടിടം നിർമ്മിക്കാൻ സാധിച്ചിട്ടില്ല. ജില്ലാ പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് ഫണ്ട് ലഭ്യമാക്കി കെട്ടിടനിർമ്മാണം നടത്താനും കൂടുതൽ സ്ഥലം ലഭ്യമാക്കി, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളെല്ലാം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിപ്പിക്കാനും ഉചിത നടപടി സ്വീകരിക്കുവാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 ധനവിനിയോഗ നിയമങ്ങൾ ലംഘിച്ചു; എച്ച്.എമ്മിന്റെ ചെലവ് രേഖകളിൽ ഗുരുതര ക്രമക്കേടുകൾ

ഓഡിറ്റ് തീരുന്നതിന് ഒരു ദിവസം മുമ്പ് ഹാജരാക്കിയ ഗ്രാമപഞ്ചായത്തിന്റെ നിർവഹണ ഉദ്യോഗസ്ഥയായ എച്ച്.എമ്മിന്റെ പദ്ധതി നിർവ്വഹണചെലവ് രേഖകളിൽ ഗുരുതരമായ അപാകങ്ങൾ. സർക്കാർ ധനവിനിയോഗ നിയമങ്ങൾ വ്യാപകമായി ലംഘിച്ചതായി തെളിയിക്കുന്ന ചെലവ് രേഖകൾ ധനാപഹരണം പോലും സംശയിപ്പിക്കുന്നതാണ്. വിശദമായ മേൽ അന്വേഷണം ഇത് അനിവാര്യമാക്കുന്നു.

1. 23.08.2017ന് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് തുടങ്ങി 4 ദിവസം കഴിഞ്ഞ് രേഖാമൂലം ആവർത്തിച്ച് ആവശ്യപ്പെട്ടതിന് ശേഷം ഓഡിറ്റ് തീരുന്നതിന് ഒരു ദിവസം മുമ്പ്

-30.08.2017നാണ് 10 ലക്ഷത്തിലധികം രൂപയുടെ ചെലവിന്റെ രേഖകളായി അപൂർണവും കുത്തഴിഞ്ഞതും കൃത്യത, സുതാര്യത, വ്യക്തത എന്നിവ തീരെയില്ലാത്തതും സ്വയം വിശദീകരിക്കാത്തതുമായ ചില കടലാസുകൾ എച്ച്.എം ഓഡിറ്റിന് ഹാജരാക്കിയത്. രേഖകൾ പൂർണവും കൃത്യവുമല്ലാത്തതിനാൽ അവ ചെലവ് രേഖകളായി കണക്കാക്കാനാവില്ല. (ഓഡിറ്റ് അറിയിപ്പിനെ തുടർന്ന് 16.08.2017ൽ തന്നെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എച്ച്.എമ്മിന് അറിയിപ്പ് നല്കിയതാണ്. സെക്രട്ടറിയുടെ കത്തിൽ എച്ച്.എം ഒപ്പിട്ടിട്ടുണ്ട്.)

2. വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 4 പദ്ധതികൾ (25/17, 47/17, 105/17, 124/17) നിർവഹിക്കുവാനായി മങ്കൊമ്പ് സബ് ട്രഷറിയിൽ നിന്ന് ഗ്രാമപഞ്ചായത്ത് ഫണ്ട് 1053874രൂപ പണമായി പിൻവലിച്ചു. ബാങ്കിംഗ് ട്രഷറിയല്ലാത്തതിനാൽ സർക്കാർ നിർദേശപ്രകാരം ദേശസാൽകൃത ബാങ്കിൽ സേവിംഗ്സ് അക്കൗണ്ട് തുടങ്ങി അതിലൂടെ ചെക്ക്, ഡി.ഡി, ഇ-ട്രാൻസ്ഫർ മുഖേന ഇടപാടുകൾ നടത്തണം. പണമായി 1053874 രൂപ പിൻവലിച്ചതും അത് പഞ്ചായത്തിന്റെ പദ്ധതികൾക്ക് ചെലവഴിച്ചത് സംശയാതീതമായി തെളിയിക്കപ്പെടാത്തതും ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണ്. സർക്കാർ നിർദേശപ്രകാരം തുടങ്ങിയ ബാങ്ക് പാസ്ബുക്കും കൃത്യമായ ചെലവ് രേഖകളും കൈപ്പറ്റ് രസീതുകൾ ക്യാഷ് ബില്ലുകൾ സ്റ്റോക്ക് വിതരണ രജിസ്റ്ററുകൾ തുടങ്ങിയവയില്ലാത്തത് ക്രമക്കേടിന്റെ മാനം വർദ്ധിപ്പിക്കുന്നു.

3. എസ്.എസ്.എ വിഹിതം നല്കാൻ രണ്ട് പദ്ധതിക(25/17, 124/17)ളിൽ (പ്രോജക്ട് 25/17 ഓഡിറ്റിന് ഹാജരാക്കിയില്ല) 605000രൂപ പണമായി പിൻവലിച്ചു. തുക എസ്.എസ്.എ പ്രോജക്ട് ഓഫീസർ കൈപ്പറ്റിയതിന് തെളിവില്ല. സർക്കാർ നിർദേശ പ്രകാരം എസ്.എസ്.എക്ക് വിഹിതം നല്കേണ്ടത് പ്രോജക്ട് ഓഫീസറുടെ പേരിൽ അക്കൗണ്ടിലൂടെ മാറാവുന്ന ഡി.ഡിയായി വേണം. ഇത് ലംഘിച്ചതിന് വിശദീകരണമില്ല. പ്രോജക്ട് ഓഫീസർക്ക് ലക്ഷങ്ങൾ പണമായി നല്കി എന്നത് വിശ്വസനീയമല്ല. 605000 രൂപ നല്കാൻ എസ്.എസ്.എ ആവശ്യപെട്ടതിന് തെളിവില്ല. എസ്.എസ്.എ ആവശ്യപ്പെട്ടിട്ടില്ലാത്തതിനാലും വിഹിതം കൈപ്പറ്റിയതിന് തെളിവില്ലാത്തതിനാലും പൂർത്തീകരണ സാക്ഷ്യപത്രമില്ലാത്തതിനാലും 605000രൂപ പിൻവലിച്ചത് ഗുരുതരമായ ക്രമക്കേടാണ്.

4. 92000/-രൂപ എസ്.സി പി ഫണ്ട് പിൻവലിച്ചു. എസ്.സി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണത്തിന്റെ പേരിലാണ് ഫണ്ട് പിൻവലിച്ചത്. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പ്രോജക്ട്, പഠനോപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട ടെണ്ടർ രേഖകൾ സ്റ്റോക്ക് വിതരണ രേഖകൾ, പഠനോപകരണങ്ങൾ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവയില്ല. ഗ്രാമസഭ തിരഞ്ഞെടുത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക, അപേക്ഷകൾ, അർഹതാ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. എസ്.സി ഫണ്ട് വകമാറ്റിയിട്ടില്ലെന്നതിനും തെളിവില്ല. പദ്ധതി സർക്കാർ നിർദേശങ്ങൾ പാലിച്ച് നിർവഹിച്ചു എന്നതിന് തെളിവില്ലാത്തത് ഗുരുതരമായ ക്രമക്കേടാണ്.

5. റോഡിതര സംരക്ഷണ ഗ്രാന്റ് 356874 രൂപ പിൻവലിച്ചു. സ്കൂളുകൾക്ക് ബഞ്ചും ഡസ്കും വാങ്ങുവാൻ ആവിഷ്കരിച്ച പ്രോജക്ടിലായിരുന്നു ഇത്. 64ബഞ്ചിന്റേയും ഡസ്കിന്റേയും

സിഡ്കോ ബില്ല് ഫയലിൽ കാണുന്നു. എന്നാൽ ബഞ്ചും ഡസ്കും വാങ്ങേണ്ടി വന്നതിന്റെ ആവശ്യകത, കുട്ടികൾ സ്കൂളുകളിൽ വർദ്ധിച്ചതിന്റെ കണക്കുകൾ, പഴയ ബഞ്ചും ഡസ്കുകളും എന്തുചെയ്തു, അവ എന്തുകൊണ്ട് അറ്റകുറ്റ പണി നടത്തി ഉപയോഗിക്കാമായിരുന്നില്ല തുടങ്ങിയ അടിസ്ഥാന വിവരങ്ങളുടെ അഭാവത്തിൽ ചെലവ് സാധൂകരിക്കപ്പെടുന്നില്ല.

അതിനാൽ ഓഡിറ്റ് വർഷം എച്ച്.എം പിൻവലിച്ച ഗ്രാമപഞ്ചായത്ത് ഫണ്ട് -1053874രൂപ പഞ്ചായത്തിന്റെ പദ്ധതികൾക്ക് ചെലവഴിച്ചത് തെളിയിക്കപ്പെടുന്നില്ലെന്ന് അറിയിക്കുന്നു. സാധൂകരണ രേഖകളുടെ അഭാവത്തിൽ ആകെ ചെലവ് എച്ച്.എമ്മിന്റെ ബാധ്യതയായി ഓഡിറ്റിൽ നിർണയിക്കാവുന്നതാണ്. 10.54 ലക്ഷം രൂപയുടെ ഗുരുതര ക്രമക്കേട് ഓഡിറ്റ് സംശയിക്കുന്നതിനാൽ മേൽ അന്വേഷണം നടത്തുവാൻ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. അതേവരെ ആകെ ചെലവ് 1053874/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-9 ചെറുകാപ്പ് പുതുവൽ റോഡ് ഗ്രാവൽ ഫില്ലിംഗ്:ഗ്രാവലിന് അധിക വില നല്കി;പിഴ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് 2016-17ൽ അന്തിമബില്ല് തീർപ്പാക്കിയ ചെറുകാപ്പ് പുതുവൽ കോളനി റോഡ് ഗ്രാവൽ ഫില്ലിംഗിന് അധിക നിരക്ക് നല്കി. കാലാവധി ലംഘിച്ച് പൂർത്തിയാക്കിയ പദ്ധതികളിൽ പൊതുമരാമത്ത് മാന്വൽ നിർദേശിക്കുന്ന പിഴ ഈാക്കിയില്ല.

രണ്ട് പദ്ധതികളാണ് കോളനി റോഡ് ഉയർത്തുവാൻ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയത്. 1).പ്രോജക്ട്-92/17-ചെറുകാപ്പ് പുതുവൽ എസ്.സി കോളനിയിൽ റോഡ് ഗ്രാവലിംഗ് 2).പ്രോജക്ട്-95/17-ചെറുകാപ്പ് പുതുവൽ എസ്.സി കോളനിയിൽ കൊല്ലംപറമ്പ് മുതൽ തട്ടാശ്ശേരി വരെ റോഡ് ഗ്രാവലിംഗ്.

എസ്.സി.പി വികസന ഫണ്ട് ചെലവഴിച്ച് രണ്ട് സ്പിൽ ഓവർ പദ്ധതികളായാണ് ഇവ നടപ്പാക്കിയത്. 2014-15 ലും 15-16ലുമായിരുന്നു പദ്ധതികൾക്ക് എസ്റ്റിമേറ്റ് എടുത്ത് സാങ്കേതികാനുമതി നേടിയത്.

1. ഗ്രാവലിന് ഉയർന്ന നിരക്ക് നല്കി

കരാറുകാർ നിർവ്വഹിച്ച രണ്ട് ഗ്രാവൽ ഫില്ലിംഗ് വേലകളിലും ഗ്രാവലിന് അധിക നിരക്ക് നല്കിയതായി വർക്ക് ഫയലുകളിൽ നിന്ന് വ്യക്തമാകുന്നു. അധിക നിരക്കിലൂടെ ഗ്രാമപഞ്ചായത്ത് ഫണ്ടിന് വലിയ അധികചെലവും വന്നു.

എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ DB.3/6512/2013/CE/LSGD, 13.2.2014സർക്കുലർ അനുസരിച്ച് 2014-15ലും 2015-16 ലും എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR) അടിസ്ഥാനത്തിലായിരുന്നു. DSR ൽ ഇല്ലാത്ത ഇനങ്ങൾക്കു മാത്രമാണ് നിരീക്ഷണ നിരക്കു നിർണ്ണയിക്കേണ്ടിയിരുന്നത്. എന്നാൽ ഓഡിറ്റു വർഷം നടപ്പാക്കിയ രണ്ട് മരാമത്തു വേലകളിലും എർത്ത് ഫില്ലിംഗിന് ഗ്രാവലിന് നിർദേശം ലംഘിച്ച് ഉയർന്ന വില നല്കി. 2014-15ൽ $1m^3$ ന് 1245.35രൂപയും 2015-16 ൽ $1m^3$ന് 1313.10രൂപയുമാണ് കരാറുകാർക്ക് നല്കിയത്.

DSR 2014 Vol. I 2.2.1 എർത്ത് വർക്ക് നിരക്കിനൊപ്പം 1.1.2 കാര്യേജ് നിരക്കു കൂട്ടി കോസ്റ്റ് ഇന്റക്സ് കൊണ്ട് ഗുണിച്ചാണ് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം നിരക്ക് നിർണ്ണയിക്കേണ്ടിയിരുന്നത്.

DSR പ്രകാരം ഫില്ലിംഗിന്, റോളർ ഉപയോഗിച്ചുള്ള കൺസോളിഡേഷൻ ചെയ്യുതാൽ പോലും അനുവദനീയമായ പരമാവധി നിരക്ക് ചുവടെ ചേർക്കുന്നു (1 ഘനമീറ്ററിന്)

| | |
|---|---|
| DSR 2014 ഇനം 2.2.1 പ്രകാരമുള്ള നിരക്ക് -(*ലേബർ, റോളർ ചാർജ്ജ്, 1% വാട്ടർ ചാർജ്ജ്, കരാറുകാരന്റെ ലാഭം, ഓവർ ഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള നിരക്ക്)* | 383.09 |
| ഇനം 1.1.2 പ്രകാരമുള്ള കാര്യേജ് ചാർജ്ജ് (38 കി.മീ.) - (*കരാറുകാരന്റെ ലാഭം, ഓവർ ഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള നിരക്ക്)* | 449.51 |
| ഇതിന്റെ 1% വാട്ടർ ചാർജ്ജ് | 4.495 |
| ആകെ | 837.095 = 837.10 |
| കോസ്റ്റ് ഇന്റക്സ് സഹിതം കരാറുകാർക്ക് അനുവദനീയമായ പരമാവധി നിരക്ക് - | |
| 2014-15 (കോസ്റ്റ് ഇന്റക്സ് 1.38) | 837.10x1.38=1155.20 |
| 2015-16 (കോസ്റ്റ് ഇന്റക്സ് 1.4571) | 837.10x1.4571=1219.74 |
| ഗുണഭോക്തൃ സമിതികൾക്ക് അനുവദനീയമായ പരമാവധി നിരക്ക് | |
| 2014-15 | 1004.52 |
| 2015-16 | 1060 |

മുകളിൽ നിർണയിച്ച നിരക്കിൽ കണക്കാക്കുമ്പോൾ കരാറുകാർ നിർവഹിച്ച ചെറുകാപ്പ് പുതുവൽ എസ്.സി കോളനിയിൽ റോഡ് ഗ്രാവലിംഗ് എന്ന 2പ്രോജക്ടുകളിലെ അധികചെലവ് താഴെ നിർണയിച്ചിരിക്കുന്നു.

| പ്രോജക്ട് | എം.ബുക്ക് | ഉപയോഗിച്ച ഗ്രാവൽ | നല്കിയ നിരക്ക്/ നൽകിയ ആകെ തുക | നല്കാവുന്ന നിരക്ക്/ നൽകാവുന്ന ആകെ തുക | അധികം |
|---|---|---|---|---|---|
| 132/15 (92/17) | 46/16 | 773.97 | 1245/$m^2$; 963593രൂപ | 1155.20; 894090രൂപ | (773.97x89.8) 69503 |
| 145/16 (95/17) | 55/15-16 | 372.27 | 1313/$m^2$; 488791രൂപ | 1219.74; 454073രൂപ | (93.26x372.27) 34718 |
| ആകെ | | | | | 104221 |

അധിക ചെലവിന് വിശദീകരണം തേടി നല്കിയ ഓഡിറ്റ് അന്വേഷണ(03/26.08.2017)ത്തിന് എസ്റ്റിമേറ്റ് തയാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ ഐ.ബി.ഇന്ദുശ്രീ നല്കിയ മറുപടിയിൽ കുട്ടനാട്ടിൽ കിലോ മീറ്ററുകൾ അകലെനിന്നാണ് ഗ്രാവൽ കൊണ്ടുവരുന്നതെന്നും അതിന് ആനുപാതികമായ നിരക്ക് നല്കിയില്ലെങ്കിൽ കരാറുകാർ പണി നടത്തില്ലായിരുന്നെന്നും വിശദീകരണം നല്കി. വിശദീകരണം ചീഫ് എഞ്ചിനിയറുടെ സർക്കുലറിന് ഇളവല്ല. അതിനാൽ അംഗീകരിക്കാവുന്നതല്ല. ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം-104220രൂപ എസ്റ്റ്മേറ്റ് തയാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർമാർ അത് അംഗീകരിച്ച് സാങ്കേതികാനുമതി നല്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കണം.

2. <u>കരാർ കാലാവധി ലംഘനം: പിഴ ഈടാക്കിയില്ല</u>

രണ്ട് പദ്ധതി(പ്രോജക്ട് 92/17, പ്രോജക്ട് 95/17)കളും കരാർ കാലാവധി കഴിഞ്ഞാണ് കരാറുകാർ പൂർത്തിയാക്കിയത്. കരാറുകാരുടേതല്ലാത്ത കാരണങ്ങൾ കൊണ്ടാണ് പൂർത്തീകരണം വൈകിയതെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ഇല്ല. കാലാവധി നീട്ടിനല്കാൻ കരാറുകാർ അപേക്ഷ നല്കിയിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥരും കാലാവധി നീട്ടുവാൻ റിപ്പോർട്ട് നല്കിയിട്ടില്ല. 2012 ലെ പൊതുമരാമത്ത് മാന്വൽ നിർദേശിക്കുന്ന നടപടിക്രമങ്ങൾ സ്വീകരിച്ചതിന് ഫയലിൽ തെളിവില്ല. പഞ്ചായത്ത് കമ്മറ്റി പൂർത്തീകരണ കാലാവധി നീട്ടിനല്കിയിട്ടില്ല. അതിനാൽ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള പിഴ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. ഈടാക്കേണ്ടിയിരുന്ന പിഴ താഴെ നിർണയിക്കുന്നു.

1. പ്രോജക്ട് 92/17
   എഗ്രീഡ് പി.എ.സി-971522

   കരാർ കാലാവധി 6 മാസം.

   പണി തുടങ്ങിയത്- 6.2.2016

   എം.ബുക്ക്, ബില്ല് അനുസരിച്ച് പൂർത്തീകരിച്ച തീയതി-15.3.2017

   വൈകിയ കാലം-29ആഴ്ച

   പിഴ 2.9%*971522=28174രൂപ.

2. പ്രോജക്ട്-95/17

   കരാർ കാലാവധി-6മാസം.
   എഗ്രീഡ് പി.എ.സി-485330രൂപ
   പണി തുടങ്ങിയത്-12.2.16

   എം.ബുക്ക്,ബില്ല് അനുസരിച്ച് പൂർത്തീകരിച്ച തീയതി-15.3.17

   വൈകിയകാലം-28 ആഴ്ച.

   പിഴ-2.8%x485330=13589 രൂപ.

   ആകെ =41763രൂപ. തുക ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി ഓഡിറ്റിൽ

നിർണയിക്കുന്നു. തുക കരാറുകാരിൽ നിന്നോ അന്തിമ ബില്ല് തീർപ്പാക്കിയ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കണം.

3. <u>ഉപയോഗിച്ച ഗ്രാവലിന്റെ അളവിൽ അവ്യക്തത</u>

ആദ്യ പ്രോജക്ടിൽ 413m³ രണ്ടാമത്തെ പ്രോജക്ടിൽ 859.97m³ഗ്രാവൽ ഉപയോഗിച്ചതായി എം.ബുക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ലെവൽസ് എടുത്ത് ലെവൽ ഫീൽഡ് ബുക്കിൽ രേഖപ്പെടുത്തി നിർവഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെട്ടിട്ടില്ല. സിറ്റിഇക്ക് റിപ്പോർട്ട് ചെയ്തതായും കാണുന്നില്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ട രേഖകൾ ഓഡിറ്റ് തീരുന്നതിന് ഒരു മണിക്കൂർ മുമ്പ് മാത്രമാണ് ഹാജരാക്കിയത്. അതുകൊണ്ടുതന്നെ അവ പരിശോധിക്കാൻ സാധ്യമായിരുന്നില്ല. രേഖകൾ അന്വേഷണത്തിൽ ആവശ്യപ്പെട്ടവ തന്നെയാണോ? അവ ഓഡിറ്റ് ഉന്നയിച്ച സംശയങ്ങൾ ദൂരീകരിക്കുന്നവയാണോ? എന്നിവ വ്യക്തമല്ലാത്തതിനാൽ എം.ബുക്കിൽ രേഖപ്പെടുത്തിയ അളവിൽ ഗ്രാവൽ ഉപയോഗിച്ചു എന്നത് തെളിയിക്കപ്പെടുന്നില്ല. ഗുരുതരമായ ഈ അപാകം മേൽ അന്വേഷണത്തിന് ഭരണസമിതി വിഷയമാക്കേണ്ടതാണ്.

ഉപയോഗിച്ച ഗ്രാവലിന്റെ അളവ് സംശയാതീതമായി തെളിയിക്കപ്പെട്ടില്ലാത്തതിനാൽ ആകെ ചെലവിൽ അനുവദനീയമല്ലാത്ത കിഴിച്ച 1353601/-രൂപ തടസപ്പെടുത്തുന്നു.

<u>ചെലവിന്റെ വിവരം</u>

1.പ്രോജക്ട്-95/17- 456826 രൂപ (ബിൽ നം.7/22.03.2017)

2. പ്രോജക്ട്-92/17 – 530646രൂപ(ബിൽ-8/22.03.2017)

(പദ്ധതിക്ക് 2015-16ൽ 470349രൂപ ചെലവഴിച്ചിരുന്നു)

## ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 <u>വാർഷിക കണക്ക്</u>

വെളിയനാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഓഡിറ്റിനായി ഇ-സബ്മിഷനിലൂടെ ലഭ്യമാക്കിയ വാർഷിക കണക്കും ഓഡിറ്റ് വേളയിൽ സാംഖ്യ സോഫ്റ്റ് വെയറിൽ ലഭ്യമായ കണക്കും തമ്മിൽ താഴെപ്പറയും പ്രകാരം വ്യത്യാസം നിലനില്ക്കുന്നു.

| ക്രമ നം | ഇനം | ഓഡിറ്റ് വേളയിൽ സാംഖ്യയിൽ ലഭ്യമായ വാർഷിക കണക്ക് പ്രകാരം | ഇ-സബ്മിഷനിലൂടെ ലഭ്യമാക്കിയ വാർഷിക കണക്കു പ്രകാരം |
|---|---|---|---|
| 1 | ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തി/ബാധ്യത | 22711080/- | 22060433/- |
| 2 | രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരവ് ചെലവുകൾ | 31343382/- | 30692735/- |
| 3 | ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ഇൻകം | 66125072/- | 66121925/- |
| 4 | ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രോസ് സർപ്ലസ് ബാലൻസ് ഷീറ്റിലേക്ക് ക്യാരി ഓവർ ചെയ്തത്. | 1114371/- | 1111224/- |

പുതുക്കിയ വാർഷിക കണക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 26.08.2017-ലെ 2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയതിനാൽ പരിഷ്കരിച്ച വാർഷിക കണക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് പരിശോധന നടത്തിയിരിക്കുന്നത്.

## എ.രസീത് & പെയ്മെന്റ് അക്കൗണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവുചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | : | 6512643/- |
| വരവ് | : | 24830739/- |
| ആകെ | : | 31343382/- |
| ചെലവ് | : | 23352012/- |
| നീക്കിയിരിപ്പ് | : | 7991370/- |

രസീത് & പെയ്മെന്റ് അക്കൗണ്ട് പരിശോധിച്ച് കണ്ടെത്തിയ മറ്റ് ന്യൂനതകൾ താഴെപ്പറയുന്നു.

1. കാനറ ബാങ്ക് ഓൺ ഫണ്ട് (ന്യൂ), ജനറൽ പർപ്പസ് ഫണ്ട് (STSB A/c) എന്നീ ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തന്മൂലം രസീത് & പെയ്മെന്റ് അക്കൗണ്ട് ഷെഡ്യൂൾ RP-40(b), ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 എന്നിവ പ്രകാരം ഈ അക്കൗണ്ടുകളിൽ ബാലൻസുള്ളതായി പറഞ്ഞിരിക്കുന്ന തുകകളുടെ കൃത്യത ഓഡിറ്റിൽ ഉറപ്പു വരുത്താൻ സാധിച്ചില്ല.

2. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വികസന ഫണ്ടിനത്തിലുള്ള ആകെ ചെലവ് 5880631/- രൂപയാണെന്ന് കാണുന്നു. എന്നാൽ RP-31 സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിലുള്ള ആകെ തുക 59,57,131/- രൂപയാണെന്ന് കാണുന്നു.
3. RP-40 സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷത്തെ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് തുക (-)127321/- രൂപയാണെന്ന് കാണുന്നു. ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിലുള്ള തുക നെഗറ്റീവ് ആകാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.
4. RP-1സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷത്തെ തൊഴിൽ നികുതി ഇനത്തിലുള്ള കളക്ഷൻ 450750/- രൂപയാണെന്ന് കാണുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള കളക്ഷൻ 449500/- രൂപയാണ്.
5. 2015-16-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം ഡി&ഒ ലൈസൻസ് ഇനത്തിൽ 1400/-രൂപ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരുന്നു. എന്നാൽ RP-43 പ്രകാരം 1450/- രൂപ ഈയിനത്തിൽ കളക്ഷൻ കാണിച്ചിരിക്കുന്നു.
6. RP-4സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷത്തെ Ferries Charges Collected എന്ന ഇനത്തിലുള്ള തൻവർഷത്തെ കളക്ഷൻ 1,37,500/- രൂപയെന്ന് കാണുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള കളക്ഷൻ 90350/- രൂപയാണ്.
7. വസ്തു നികുതിയുടെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള കളക്ഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ ഹാജരാക്കാതിരുന്നതിനാൽ രസീപ്റ്റ് & സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-43 പ്രകാരമുള്ള വസ്തു നികുതി കളക്ഷൻ തുകയുടെ നിജസ്ഥിതി ഉറപ്പാക്കാനായില്ല.
8. കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ രസീപ്റ്റ് & സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-4 പ്രകാരമുള്ള പെർമിറ്റ് ഫീസ് ഇനത്തിലുള്ള കളക്ഷൻ തുകയുടെ നിജസ്ഥിതി ഉറപ്പാക്കാനായില്ല.
9. റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ RP-31 പ്രകാരം Literacy Scheme Grant ഇനത്തിലുള്ള തൻവർഷത്തെ ഗ്രാന്റ് 218585/- രൂപയെന്ന് കാണുന്നു. എന്നാൽ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം ഈയിനത്തിൽ 214800/- രൂപ മാത്രമെ വരവുള്ളതായി കാണുന്നുള്ളൂ.
10. റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ RP-31 പ്രകാരം Contributions fo joint venture projects(for Revenue expenditure) from block panchayaths എന്ന ഇനത്തിലുള്ള തൻവർഷത്തെ വരവ് 3,65,000/- രൂപയെന്ന് കാണുന്നു. എന്നാൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകൾ പ്രകാരം ഈയിനത്തിൽ 2,20,000/- രൂപ മാത്രമെ വരവുള്ളതായി കാണുന്നുള്ളൂ.

## ബി. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റെയും ചെലവിന്റെയും സംക്ഷിപ്തം താഴെപ്പറയുന്നു.

| | | |
|---|---|---|
| ആദായം | : | 66125072/- |
| (-) ചെലവ് | : | 65903314/- |
| (-)പ്രയർ പീരീഡ് ഐറ്റം | : | (-)892613/- |

| | | |
|---|---|---|
| സർപ്ലസ് | : | 1114371/- |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

1. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ തൻവർഷത്തെ ആകെ ചെലവ് 2,72,81,406/- രൂപയാണെന്ന് കാണുന്നു.(ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ലെഡ്ജറിൽ ഇതുമായി ബന്ധപ്പെട്ട ക്യാപ്പിറ്റൽ ചെലവുകളൊന്നും ബുക്ക് ചെയ്തിട്ടില്ല.) എന്നാൽ എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ MIS റിപ്പോർട്ട് പ്രകാരം തൻവർഷത്തെ ആകെ ചെലവ് 2,74,11,318/- രൂപയാണ്.

2. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം Development Fund -General-ന്റെ ആകെ റെവന്യൂ ചെലവ് (59,28,352/-രൂപ) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള തൻവർഷത്തെ ആകെ ചെലവിനേക്കാൾ (5880631/-രൂപ) കൂടുതലാണെന്ന് കാണുന്നു. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ലഡ്ജർ പ്രകാരം ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നുള്ള ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ (-)47721/-രൂപയാണെന്ന് കാണുന്നു. ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ നെഗറ്റീവ് തുക ആകാനുള്ള കാരണം എന്തെന്ന് വിശദീകരിച്ചിട്ടില്ല.

3. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം Maintenance Fund -Road Assets-ന്റെ ആകെ റെവന്യൂ ചെലവ് (2,66,000/-രൂപ) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, RP-31 എന്നിവ പ്രകാരമുള്ള തൻവർഷത്തെ ആകെ വരവിനേക്കാൾ (1,00,000/-രൂപ) കൂടുതലാണെന്ന് കാണുന്നു. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ലഡ്ജർ പ്രകാരം മെയിന്റനൻസ് ഫണ്ടിൽ നിന്നുള്ള ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ (-)1,66,000/-രൂപയാണെന്ന് കാണുന്നു. ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ നെഗറ്റീവ് തുക ആകാനുള്ള കാരണം എന്തെന്ന് വിശദീകരിച്ചിട്ടില്ല.

4. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1 പ്രകാരം Poperty Tax on Residential Buildings, Non-Residential Buildings എന്നീ ഇനങ്ങളിലുള്ള തൻവർഷത്തെ ആകെ ഡിമാന്റ് 12,32,987/-രൂപയെന്ന് കാണുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനം സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത് ഓഡിറ്റിനായി ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റ് 12,31,950/- രൂപയാണ്.

5. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1 പ്രകാരം തൊഴിൽ നികുതി ഇനത്തിലുള്ള തൻവർഷത്തെ ഡിമാന്റ് 450750/-രൂപയെന്ന് കാണുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് 459300/- രൂപയാണ്.

6. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-4 പ്രകാരംഡി&ഒ ലൈസൻസ് ഇനത്തിലുള്ള തൻവർഷത്തെ ഡിമാന്റ് 25000/-രൂപയെന്ന് (2015-16 ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ് തുക ഉൾപ്പെടെ) കാണുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് 21100/-(മുൻവർഷം ലഭിച്ച അഡ്വാൻസ് 600/-രൂപ ഉൾപ്പെടെ) രൂപയാണ്.

7. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-4 പ്രകാരം Ferries Charges Collected

എന്ന ഇനത്തിലുള്ള തൻവർഷത്തെ ഡിമാന്റ് 1,37,500/-രൂപയെന്ന് കാണുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് 90350/- രൂപയാണ്.

8. കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-4 പ്രകാരമുള്ള പെർമിറ്റ് ഫീസ് ഇനത്തിലുള്ള ഡിമാന്റ് തുകയുടെ നിജസ്ഥിതി ഉറപ്പാക്കാനായില്ല.
9. പ്ലാനുമായി ബന്ധപ്പെട്ട സുലേഖ സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമാക്കിയ 2016-17- ലെ പദ്ധതി ചെലവ് പത്രിക പ്രകാരം ബ്ലോക്ക് ഷെയർ ഇനത്തിൽ ലഭിച്ച 2,20,000/-രൂപയിൽ 1,56,097/-രൂപ തൻവർഷം റെവന്യൂ ചെലവ് വന്നിട്ടുള്ളതായി കാണുന്നു. എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം ഈയിനത്തിൽ ചെലവുകളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

## സി.ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | | |
|---|---|---|
| ആകെ ആസ്തി | : | 22711080 |
| (-)റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | : | 18605515.95 |
| പഞ്ചായത്ത് ഫണ്ട് | : | 4105564.05 |

ബാലൻസ് ഷീറ്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.18 പ്രകാരം Festival Advance എന്നയിനത്തിൽ 3000/-രൂപ ആസ്തിയായി കാണിച്ചിരിക്കുന്നു. എന്നാൽ Advance Register പ്രകാരം തുകയൊന്നും തന്നെ ലഭിക്കാനുള്ളതായി കാണുന്നില്ല. മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനുണ്ടായിരുന്ന 10000/-രൂപ ഈ വർഷം ലഭിച്ചിട്ടുണ്ട്.
2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.18 പ്രകാരം Advance to others എന്നയിനത്തിൽ 67,594/-രൂപ ആസ്തിയായി കാണിച്ചിരിക്കുന്നു. ഇതേ തുക മുൻവർഷ ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടുണ്ട്. നാളിതുവരെയായും ഈ തുക ക്രമീകരിക്കപ്പെട്ടിട്ടില്ല. കൂടാതെ Advance to implimenting Officers എന്നയിനത്തിൽ 163388/-രൂപ ആസ്തിയായി കാണിച്ചിരിക്കുന്ന ആവശ്യമായ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ഈ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.
3. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾക്കൊള്ളത്തക്ക തരത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സമ്പ്രദായം സാംഖ്യ സോഫ്റ്റ്വെയറിലേക്ക് മാറുന്നതിന് മുൻപുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
4. എംപ്ലോയീസിന്റെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 9800/-രൂപ വർഷാവസാനം ലഭിക്കാനുള്ളതായി കാണിച്ചിരിക്കുന്നു. എന്നാൽ ഈ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.
5. 2015-16-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 24,790/- രൂപ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി (Current+Arrear) ഇനത്തിൽ ലഭിക്കാനുണ്ടായിരുന്നു. എന്നാൽ രജിസ്റ്റർ

പ്രകാരം ആകെ 2550/-രൂപ മാത്രമാണ് കുടിശ്ശിക ഡിമാന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷത്തെ RP-43 സ്റ്റേറ്റ്മെന്റ് പ്രകാരം 2550/-രൂപ മാത്രമാണ് ട്രേഡേഴ്സിന്റെ തൊഴിൽ നികുതി കുടിശ്ശികയായി ലഭിച്ചിട്ടുള്ളത്. കുടിശ്ശികയിനത്തിൽ ലഭിക്കേണ്ടുന്ന 22240/-രൂപയുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം ഡി&ഒ ലൈസൻസ് ഇനത്തിൽ 4500/-രൂപ ലഭിക്കാനുള്ളതായി കാണിച്ചിരിക്കുന്നു. ഡി&ഒ ലൈസൻസ് ഇനത്തിൽ കുടിശ്ശിക വന്നതെങ്ങനെയെന്ന് വിശദീകരിക്കേണ്ടതാണ്.
7. വസ്തു നികുതിയുടെ സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നുള്ള കുടിശ്ശികയുടെ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ ഹാജരാക്കാതിരുന്നതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരമുള്ള വസ്തു നികുതി ബാലൻസ് തുകയുടെ നിജസ്ഥിതി ഉറപ്പാക്കാനായില്ല.
8. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം Contributions for joint venture projects(for revenue expenditure) from block panchayaths എന്നയിനത്തിൽ 365000/-രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു. എന്നാൽ തൻവർഷം ലഭിച്ച 2,20,000/-രൂപയിൽ 156097/-രൂപ ചെലവഴിച്ചതിനു ശേഷം ബാധ്യതയായി വരേണ്ടത് 63903/-രൂപ മാത്രമാണ്.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 60000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 60000 | |
| ബ്ലോക്ക് പഞ്ചായത്ത് | 75000 | അനുപൂരക പോഷകാഹാരം | 11097 | 63903 |
| ബ്ലോക്ക് പഞ്ചായത്ത് | 85000 | പാലിന് ഇൻസന്റീവ് | 85000 | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | ആലക്കാട് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിയിടൽ (44/17) | 25157 | 25157 | -- |
| കെ.എസ്.ഇ.ബി | കിടങ്ങറ മുതൽ കുന്നങ്കരി വരെ | 346127 | 346127 | |

| | | | | |
|---|---|---|---|---|
| | സ്ലീറ്റ് മെയിൻ (118/17) | | | |
| കെ.എസ്.ഇ.ബി | കരുമാലിൽ പാലം മുതൽ സന്ധ്യാ സദനം വരെ പോസ്റ്റ് മാറ്റിയിടൽ (123/17) | 11974 | 11974 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 250/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2015-16 | II-3 | 250 | ജയലക്ഷ്മി.എസ് സി.എച്ച്.സി. വെളിയനാട് | 11603101840/ 24.03.2017 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 1997-98 | 32-57,58 | 2001-02<br>2002-03 | 1.വ്യാജ രേഖകൾ ചമച്ച് പൊതു മരാമത്ത് പണികൾ ചെയ്തു.<br>2.എസ്.സി കുടുംബങ്ങൾക്ക് സി.എഫ്.എൽ |

| | | | |
|---|---|---|---|
| 1999-00 | 21-26 | 2003-04 | 1.മരാമത്ത് പണികൾ രേഖകൾ ഹാജരാക്കിയില്ല.<br>2.കമ്പ്യൂട്ടർ പഠനം രേഖകൾ ഹാജരാക്കിയില്ല. |
| 2000-01 | 2-8 | 2005-06<br>2.21.1 | ധനവിനിയോഗ രേഖകൾ കൃത്യമാക്കാതെ പണം പിൻവലിച്ചു |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 24830739/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 23352012/- |
| വരവിനങ്ങളിലുള്ള നഷ്ടം | 8098 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 104220 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3152133 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 7750 | | ശ്രീ.എസ്.വിജയ്, സെക്രട്ടറി |
| 2-7 | 345 | | ശ്രീ.എസ്.വിജയ്, സെക്രട്ടറി |
| 3-9 | | 104220 | ശ്രീമതി.ഐ.ബി.ഇന്ദുശ്രീ, അസിസ്റ്റന്റ്എഞ്ചിനീയർ<br>ശ്രീ.ജയശങ്കർ.ജെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 8095 | 104220 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 101400 | ബാബു ജോൺ, കൃഷി ഓഫീസർ |
| 3-3 | 200000 | ശ്രീ.എസ്.വിജയ്, സെക്രട്ടറി |
| 3-4 | 383258 | ശ്രീ.എസ്.വിജയ്, സെക്രട്ടറി |
| 3-5 | 60000 | ഡോ.ഇ.ഡബ്ല്യൂ.മഗ്ദലീൻ, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 3-8 | 1053874 | എസ്.ജയലക്ഷ്മി, ഹെഡ്മിസ്ട്രസ് |
| 3-9 | 1353601 | അജിത അനീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 3152133 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ.3-8

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എസ്.വിജയ്, സെക്രട്ടറി | | സായ് ഭവനം, അവലൂക്കുന്ന്.പി.ഒ. ആലപ്പുഴ |
| ബാബു ജോൺ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, വെളിയനാട് | ഇല്ലിക്കനിരത്തേൽ കുത്താട്ടുകുളം.പി.ഒ എറണാകുളം-686662 |
| ഡോ.ഇ.ഡബ്ല്യൂ.മഗലീൻ, മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ, വെളിയനാട് | ഷാലോം സി.എസ്.ഐ ചർച്ച് ലൈൻ പ്ലാവിള ഊരൂട്ടമ്പലം.പി.ഒ തിരുവനന്തപുരം 695507 |
| ഐ.ബി.ഇന്ദുശ്രീ, അസി. എഞ്ചിനീയർ | ലഭ്യമല്ല | കാർത്തിക പോസ്റ്റ് ഓഫീസിന് സമീപം ശാസ്താംകോട്ട.പി.ഒ കൊല്ലം-690521 |
| ശ്രീ.ജയശങ്കർ.ജെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ പത്തനംതിട്ട മുനിസിപ്പാലിറ്റി | ചെമ്പകാ നഗർ ഉപ്പുക്കുഴി തിരുവനന്തപുരം-695001 |
| എസ്.ജയലക്ഷ്മി, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് കുന്നങ്കരി | സൗപർണിക മുഹമ്മ.പി.ഒ ആലപ്പുഴ-688525 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-00 (ചെലവ്) | എൽഎഫ്എ-14/1398/03 തീയതി 04-11-03/10-12-03 |
| 2000-01 (വരവ്) | എൽഎഫ്എ-പി3/1004/11, തീയതി03-04-12/12-04-12 |
| 2001-02(വരവ്) | എൽഎഫ്എ-പി3/1005/11, തീയതി 03-04-12/12-04-12 |
| 2002-03 | എൽഎഫ്എ-പി3/1006/11,തീയതി 03-04-12/12-04-12 |
| 2003-04 | എൽഎഫ്എ-പി3/1007/11,തീയതി 03-04-12/10-05-12 |
| 2004-05 | എൽഎഫ്എ-പി3/1008/11,തീയതി 13-04-12/13-06-12 |
| 2005-06 | എൽഎഫ്എ-പി3/1009/11,തീയതി 13-04-12/13-06-12 |
| 2008-09 | എൽഎഫ്എ-പി3/1012/11,തീയതി 16-04-12/13-06-12 |
| 2009-10 | എൽഎഫ്എ-പി3/1013/11,തീയതി 16-04-12/13-06-12 |
| 2010-11, 2011-12, 2012-13 | എൽഎഫ്എ-പി10/1573/13,തീയതി 26-04-14/15-07-14 |
| 2013-14, 14-15 | കെ.എസ്.എ-എ.എൽ.പി-പി.10-1455/2015/16.11.15 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി.12/5/2017/09.01.2017 |

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-എ.എൽ.പി/പി12-1177/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 11.09.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

No. KSA-ALP/P12-1177/2017

Kerala State Audit Department,

District Audit Office, Alappuzha.

Date: 11.09.2017

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Veliyanad Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Veliyanad Gramapanchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

.

.

Deputy Director

Kerala State Audit Department
District Audit Office, Alappuzha